"ഭരണഭാഷ – മാതൃഭാഷ"
(കേരള സംസ്ഥാനം)
വ്യാവസായിക പരിശീലന വകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ, തിരുവനന്തപുരം:33,
ഫോൺ : 0471-2303856 , ഇമെയിൽ :cru.dttvpm@kerala.gov.in

**<u>ജോയിന്റ് ഡയറക്ടറുടെ നടപടി ക്രമം</u>**
**(നിലവിൽ: ഷമ്മി ബേക്കർ. എ)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് – ജീവനക്കാര്യം - ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നത് – സംബന്ധിച്ച്

പരാമർശം
1. സ.ഉ (പി) നം. 408/71/പി.ഡി, തീയതി 29.11.1971.
2. സ.ഉ (എം.എസ്) നം. 105/72/എൽ ബി ആർ, തീയതി : 23.11.1972.
3. സ.ഉ (എം.എസ്) നം. 111/12/എൽ ബി ആർ, തീയതി : 25.07.2012..
4. ജോയിന്റ് ഡയറക്ടറുടെ 17.03.2025ലെ ഡിറ്റി/1799/2024-എ6 നമ്പർ ഉത്തരവ്.
5. ജോയിന്റ് ഡയറക്ടറുടെ 17.09.2025,26.02.2026 തീയതികളിലെ ഡിറ്റി/2632/2026-എ6 നമ്പർ ഉത്തരവുകൾ.
6. ജോയിന്റ് ഡയറക്ടറുടെ 05.02.2026 ലെ ഡിറ്റി/643/2026-എ10 നമ്പർ ചുറ്ററിയിപ്പ്.
7. ജോയിന്റ് ഡയറക്ടറുടെ 14.02.2023ലെ ഡിറ്റി/92/2021-എ2 നമ്പർ ഉത്തരവ്.

–

**<u>ഉത്തരവ് നമ്പർ:DT/643/2026-A10 തീയതി: 12-03-2026</u>**

പരാമർശം (1) അനുസരിച്ചുള്ള കേരള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് (1971) ചട്ടം 3 (2) പ്രകാരം സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഉണ്ടാകുന്ന നാല് ഒഴിവുകളിൽ ആദ്യ മൂന്നെണ്ണം ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ജനറൽ ക്വാട്ടയിൽ നിന്നും നാലാമത്തേത് ഡിപ്ലോമ യോഗ്യതയുള്ളവരിൽ നിന്നും സ്ഥാനക്കയറ്റം നൽകുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു. പരാമർശം (2)-ലെ ഉത്തരവ് പ്രകാരമാണ് വകുപ്പിലെ ഇൻസ്ട്രക്ടർമാരുടെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചത്. വകുപ്പിലെ ജൂനിയർ-സീനിയർ ഇൻസ്ട്രക്ടർമാരുടെ അനുപാതം 1:1 ആണ്. ഇൻസ്ട്രക്ടർമാരുടെ അനുപാതം (റേഷ്യോ) നിശ്ചയിക്കുമ്പോൾ ആകെ ഇൻസ്ട്രക്ടർമാരുടെ എണ്ണമാണ് കണക്കാക്കി വരുന്നത്.

വ്യാവസായിക പരിശീലന വകുപ്പിൽ ആകെ 1743 ഇൻസ്ട്രക്ടർ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. 1:1 എന്ന അനുപാതത്തിൽ 871 തസ്തികകൾ സീനിയർ ഇൻസ്ട്രക്ടർ തസ്തികയായി പരിഗണിക്കണം. സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് പരാമർശം (4) ,(5) പ്രകാരം സ്ഥാനക്കയറ്റം നൽകിയതിന് ശേഷം ടി തസ്തികയിലേക്ക് 53 ഒഴിവുകളും, 31.03.2025, 31.05.2025 , 30.06.2025, 30.06.2025 തീയതികളിലെ വിരമിക്കൽ/സ്വയം വിരമിക്കൽ മുഖേനയുള്ള 12 ഒഴിവുകളും വകുപ്പ് മാറി പോയത് മുഖേനെ 3 ഒഴിവുകളും ജീവനക്കാരൻ ശൂന്യ വേതന അവധിയിൽ പ്രവേശിച്ചത് മൂലം 1 ഒഴിവും ഉൾപ്പെടെ ടി തസ്തികയിൽ ആകെ 68 ഒഴിവുകൾ 01.03.2026 പ്രാബല്യത്തിൽ നിലവിലുണ്ട്.ക്രമ നം.1850 ആയുള്ള ശ്രീ.മുഹമ്മദ്.പി ക്ക് 18.09.2025 പ്രാബല്യത്തിൽ പ്രൊമോഷന് അർഹത ഉണ്ട്.നിലവിൽ ടിയാൻ 24.11.2025 മുതൽ ശൂന്യവേതന അവധിയിൽ ആയതിനാൽ ടിയാന്റെ ഒഴിവിൽ ഒരാൾക്ക് കൂടി സ്ഥാനകയറ്റത്തിനു അർഹത ഉണ്ട്.

ഇപ്രകാരം 69 ഒഴിവുകൾ സീനിയർ ഇൻസ്ട്രക്ടർ സ്ഥാനക്കയറ്റത്തിനായി പരിഗണിച്ചിരിക്കുന്നു. വ്യാവസായിക പരിശീലന വകുപ്പിലെ സ്പെഷ്യൽ റൂൾ (കേരള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1971) ചട്ടം (6) പ്രകാരം സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗ് പൂർത്തീകരിച്ചവർക്ക് മാത്രമേ സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുള്ളു. എന്നാൽ തങ്ങളുടേതല്ലാത്ത കാരണത്താൽ ട്രെയിനിംഗിനു നിയോഗിക്കപ്പെടാത്ത ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടായിരിക്കുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പരാമർശം (7) പ്രകാരം പ്രസിദ്ധീകരിച്ച ഗ്രഡേഷൻ ലിസ്റ്റിലെ ചുവടെ ചേർക്കുന്ന ജൂനിയർ ഇൻസ്ട്രക്ടർമാർക്ക് നിലവിൽ സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>ക്രമ നം. 662 – ശ്രീ. പ്രമോദ്.കെ, 1326 – ശ്രീ. അർജ്ജുനൻ.പി.</u>**

ക്രമ നം. 662 – ശ്രീ.പ്രമോദ്.കെ, 1326 –ശ്രീ. അർജ്ജുനൻ.പി. എന്നിവർ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗ് വിജയകരമായി പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ ടി ജീവനക്കാർക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് കഴിയുകയില്ല.

**<u>ക്രമ നം. 1217 – ശ്രീ. അനിൽകുമാർ.എസ്.</u>**

ടിയാൻ സേവനത്തിൽ പ്രവേശിച്ച ശേഷം 26.12.2015 മുതൽ 14.08.2020 വരെയുള്ള കാലയളവിൽ ശൂന്യവേതനാവധിയിലായിരുന്നു. പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനു മുൻപായാണ് ടിയാൻ ശൂന്യവേതനാവധിയിൽ പ്രവേശിച്ചത്. ഇതിനാൽ 15.08.2020ൽ ടിയാൻ തിരികെ സേവനത്തിൽ പ്രവേശിച്ചപ്പോൾ സേവനത്തിലുണ്ടായിരുന്ന ജീവനക്കാർക്ക് താഴെയായി ആണ് ശ്രീ. അനിൽകുമാർ.എസ്-ന്റെ സീനിയോറിറ്റി ക്രമീകരിക്കേണ്ടത്. ആയതിനാൽ KSR Part I ചട്ടം 110 B App.XII A കുറിപ്പ്-4 പ്രകാരം ടിയാന്റെ സീനിയോറിറ്റി പ്രാബല്യ തീയതി 15.08.2020 ആയി നിശ്ചയിക്കണം. ടിയാളുടെ സീനിയോറിറ്റി നിലവിലെ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ഗ്രഡേഷൻ ലിസ്റ്റിലെ ക്രമ നമ്പർ 1897 ശ്രീ. ആദർശ്.വി.യ്ക്ക് താഴെയായി മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ ശ്രീ. ആദർശ്.വി.യ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ശ്രീ. അനിൽകുമാർ.എസ്-ന് സ്ഥാനക്കയറ്റം ലഭിക്കുകയുള്ളൂ.

**<u>ക്രമ നം. 1416 – ശ്രീ. നാസർ.പി.സി.</u>**

ടിയാൻ 06.10.2017 മുതൽ 30.09.2022 വരെ App.-XII-A പ്രകാരം ശൂന്യവേതനാവധിയിൽ ആയിരുന്നു. KSR Part I ചട്ടം 110 B പ്രകാരം അനുവദിക്കന്ന App.-XII-A പ്രകാരമുള്ള അവധികളുടെ നിബന്ധന-4 പ്രകാരം ടിയാൻ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ തിരികെ സേവനത്തിൽ പ്രവേശിച്ചു. 01.10.2022 മുതൽ മാത്രമേ സീനിയോറിറ്റിക്ക് അർഹതയുള്ളൂ.

**<u>ക്രമ നം. 1612 – ശ്രീമതി. നയന.എൻ.</u>**

ശ്രീമതി. നയന.എൻ. പ്രൊബേഷൻ പൂർത്തീകരിക്കുന്നതിനു മുമ്പ് 08.01.2019 മുതൽ 07.01.2022 വരെ App.XII-B പ്രകാരം ശൂന്യവേതനാവധിയിൽ ആയിരുന്നു. ടിയാൾ സേവനത്തിൽ തിരികെ പ്രവേശിച്ച 08.01.2022 പ്രാബല്യത്തിൽ മാത്രമേ KSR ഭാഗം-1 XII-B പ്രകാരമുള്ള നിബന്ധന (ii) പ്രകാരം സീനിയോറിറ്റിക്ക് അർഹതയുള്ളൂ. ആയതിനാൽ നിലവിൽ സ്ഥാനക്കയറ്റത്തിന് പരിഗണിക്കാൻ കഴിയുകയില്ല.

**<u>ക്രമ നം. 1721 – ശ്രീ. സണ്ണി ജോൺ</u>**

ശ്രീ. സണ്ണി ജോൺ CTI ട്രെയിനിംഗ് വിജയിക്കുകയോ RPL മുഖേന ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗിന് പരീക്ഷക്ക് ഹാജരാകുകയോ ചെയ്തിട്ടില്ല. ആയതിനാൽ KCTSSR- (6) ആനുകൂല്യത്തിന് അർഹതയില്ല.

<u>ക്രമ നം.1814-രാജേഷ് .ആർ ,1818- ദിനേശ് കുമാർ.എം ,1835-അജിത് ശൈലേശൻ 1841-ജോബി ജോണി,1844-പവിത് കുമാർ ,1848-ഉമേഷ.എ ,1852-വിഷ്ണു രാജ് .ആർ</u>

ടി ജീവനക്കാർ ഈ വകുപ്പിൽ നിലവിൽ സേവനത്തിൽ ഇല്ല.

**<u>1849-സൗമ്യ .പി .എസ്</u>**

ടി ജീവനക്കാരി 01.08.2024 മുതൽ 31.07.2029 വരെ ശൂന്യവേതന അവധിയിൽ ആണ്.ടിയാൾക്ക് അർഹമായ ഒഴിവു 01.08.2024 മുൻപ് നിലവിൽ വന്നിട്ടില്ല. ആയതിനാൽ നിലവിൽ ടിയാൾക്ക് പ്രൊമോഷന് അർഹത ഇല്ല.

**<u>ക്രമ നം.1825-രതിഭ .പി.1856-സംഗീത.പി .എസ് ,1870-വിൽസൻ തോമസ്</u>**

ടി ജീവനക്കാർ RPL പരീക്ഷ എഴുതാത്തതിനാൽ നിലവിൽ പ്രൊമോഷന് അർഹത ഇല്ല.

പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ച ഗ്രഡേഷൻ ലിസ്റ്റിലെ ചുവടെ ചേർക്കുന്ന ജൂനിയർ ഇൻസ്ട്രക്ടർമാർക്ക് ചുവടെ ചേർത്തിട്ടുള്ള കാരണങ്ങൾ സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

ഹോസ്പിറ്റൽ ഹൗസ് കീപ്പിംഗ് ട്രേഡിലെ ജൂനിയർ ഇൻസ്ട്രക്ടർമാരായ 1828-ശ്രീ.സുനീഷ്.ഇ.കെ,1829-ശ്രീമതി.രെജിത.ആർ.ആർ,1830-ശ്രീമതി.സൂര്യ.എസ്,1831-ശ്രീമതി.അമൃതാന്ജലി ,1832-ശ്രീ.സുമേഷ് .പി .പി എന്നിവർക്ക് അവരുടെ ട്രേഡ്കളിൽ CTI ട്രെയിനിംഗ് അല്ലെങ്കിൽ RPL മുഖേനെയുള്ള പരീക്ഷ ഇല്ലാത്തതിനാൽ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ സർട്ടിഫിക്കറ്റ് നേടുന്നതിനു സാധിച്ചിട്ടില്ല.ടി ജീവനക്കാർക്ക് KCTSS Special Rule (6) ന്റെ ആനുകൂല്യത്തിനു അർഹത ഉണ്ട്.RPL പോർട്ടലിൽ ബന്ധപെട്ട ട്രേഡ് മാപ്പ്ചെയ്യുന്ന മുറക്ക് RPL യോഗ്യത നേടേണ്ടതാണ്.

പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ച ഗ്രഡേഷൻ ലിസ്റ്റിലെ ക്രമ നമ്പർ 1877 വരെയുള്ള ജൂനിയർ ഇൻസ്ട്രക്ടർമാരെയാണ് ജനറൽ ക്വോട്ടയിൽ സ്ഥാനക്കയറ്റത്തിനായി പരിഗണിക്കുന്നത്.ഡിപ്ലോമ യോഗ്യതയുള്ള ജീവനക്കാരുടെ അഭാവത്തിൽ ഗ്രഡേഷൻ ലിസ്റ്റിലെ ക്രമ നമ്പർ 1890 വരെയുള്ള ജൂനിയർ ഇൻസ്ട്രക്ടർമാരെ ഡിപ്ലോമ ക്വോട്ടയിൽ സ്ഥാനക്കയറ്റത്തിനായി പരിഗണിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ച ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെപ്പറയുന്ന ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ജീവനക്കാർക്ക് കേരള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1971 ചട്ടം 3 (2), ചട്ടം 6, പരാമർശം (3)ലെ സർക്കാർ ഉത്തരവ് എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി 1958-ലെ കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 28 (എ) പ്രകാരം അവരുടെ പേരിനു നേരെ രേഖപ്പെടുത്തിയിരിക്കുന്ന തീയതി പ്രാബല്യത്തിൽ ടി പട്ടികയിലെ ക്രമ നമ്പർ-1 മുതൽ 68 വരെയുള്ള ജീവനക്കാർക്ക് 39300-83000/-രൂപ ശമ്പള നിരക്കിൽ സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി നിലവിലുള്ള സ്ഥാപനത്തിൽ നിയമിച്ചു ഉത്തരവാകുന്നു.സ്ഥാനകയറ്റം നൽകി നിയമിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകൾ സീനിയർ ഇൻസ്ട്രക്ടർ തസ്തികകൾ ആക്കി ഉയർത്തിയും ഉത്തരവാകുന്നു.

| SL No. | SL No. in Gradation List | Name of Employee | Quata | Date of effect of Promotion |
|---|---|---|---|---|
| 1 | 1801 | ABHILASH D | D | 18.03.2025 |
| 2 | 1694 | ARUNRAJ K | G | 18.03.2025 |

| | | | | |
|---|---|---|---|---|
| 3 | 1802 | VINEETH CHANDRAN C | G | 18.03.2025 |
| 4 | 1803 | ANIL KUMAR K G | G | 18.03.2025 |
| 5 | 1804 | SHIJITH P | D | 18.03.2025 |
| 6 | 1805 | NAJEELA NUJOOM | G | 18.03.2025 |
| 7 | 1806 | BABU T V | G | 01.04.2025 |
| 8 | 1807 | ABHILASH S K | G | 01.04.2025 |
| 9 | 1808 | NEETHU G | D | 01.04.2025 |
| 10 | 1809 | NIKHILA K | G | 01.04.2025 |
| 11 | 1810 | HASNA N M | G | 01.06.2025 |
| 12 | 1810 A | TERENES DIMSY GONZAGA | G | 01.06.2025 |
| 13 | 1812 | SHAJI PRASAD.M | D | 01.06.2025 |
| 14 | 1811 | LEKSHMI G | G | 01.06.2025 |
| 15 | 1813 | ALAN ALEX | G | 01.06.2025 |
| 16 | 1815 | DIVYA C | G | 04.06.2025 |
| 17 | 1817 | RUBEENA A S | D | 01.07.2025 |
| 18 | 1816 | RAJAN.K | G | 23.08.2025 |
| 19 | 1819 | YESUDAS D | G | 18.09.2025 |
| 20 | 1820 | VISHNU.S | G | 18.09.2025 |
| 21 | 1821 | MAHESH PADMAKARAN | D | 18.09.2025 |
| 22 | 1822 | AJEESHKUMAR P C | G | 18.09.2025 |
| 23 | 1823 | ASWATHI K K | G | 18.09.2025 |
| 24 | 1824 | RAHUL MOHAN | G | 18.09.2025 |
| 25 | 1826 | GEETHIKA O K | D | 18.09.2025 |
| 26 | 1827 | BYJU K | G | 18.09.2025 |
| 27 | 1828 | SUNEESH EK | G | 18.09.2025 |
| 28 | 1829 | REJITHA.R.R | G | 18.09.2025 |
| 29 | 1834 | LIJI U R | D | 18.09.2025 |
| 30 | 1830 | SOORYA S | G | 18.09.2025 |
| 31 | 1831 | AMRITHANJALI C L | G | 18.09.2025 |
| 32 | 1832 | SUMESH P P | G | 18.09.2025 |
| 33 | 1836 | ANIL P | D | 18.09.2025 |
| 34 | 1833 | SMITHEESH T S | G | 18.09.2025 |
| 35 | 1837 | SHIJI J S | G | 18.09.2025 |
| 36 | 1838 | RAHUL T S | G | 18.09.2025 |
| 37 | 1839 | SHAMNAS P S | D | 18.09.2025 |
| 38 | 1840 | JAYAN P C | G | 18.09.2025 |
| 39 | 1842 | JINSHA M | G | 18.09.2025 |

| | | | | |
|---|---|---|---|---|
| 40 | 1843 | RESHMA PREMAN P | G | 18.09.2025 |
| 41 | 1845 | SHEENA REMANAN | D | 18.09.2025 |
| 42 | 1846 | RENJINI RAM | G | 18.09.2025 |
| 43 | 1847 | BHARADWAJ UT | G | 18.09.2025 |
| 44 | 1850 | MUHAMMED P | G | 18.09.2025 |
| 45 | 1851 | MADHUSUDHANAN.U | D | 18.09.2025 |
| 46 | 1853 | MURUKESH S | G | 18.09.2025 |
| 47 | 1854 | NAZEERA P K | G | 18.09.2025 |
| 48 | 1855 | RESMI K N | G | 18.09.2025 |
| 49 | 1858 | AJESH.C | D | 18.09.2025 |
| 50 | 1857 | SONY JUSTUS | G | 18.09.2025 |
| 51 | 1859 | AJEESH KANNAN K S | G | 18.09.2025 |
| 52 | 1860 | JERIN KRISHNA K | G | 18.09.2025 |
| 53 | 1861 | SANEESH KUMAR T | D | 18.09.2025 |
| 54 | 1862 | MAHESH KUMAR V | G | 18.09.2025 |
| 55 | 1863 | SHIBIN BABU | G | 18.09.2025 |
| 56 | 1864 | ANTONY P K | G | 18.09.2025 |
| 57 | 1866 | SANTHOSH KUMAR D | D | 18.09.2025 |
| 58 | 1865 | UMMAR CHELAKKADAN | G | 01.10.2025 |
| 59 | 1867 | VINODKUMAR S | G | 22.10.2025 |
| 60 | 1868 | UNNIKRISHNAN P | G | 25.11.2025 |
| 61 | 1869 | SHAJI M | D | 27.02.2026 |
| 62 | 1871 | SAMKUTTY.I | G | 27.02.2026 |
| 63 | 1872 | ANOOJ S S | G | 27.02.2026 |
| 64 | 1873 | VINODKUMAR.P | G | 27.02.2026 |
| 65 | 1887 | SABEER A S | D | 27.02.2026 |
| 66 | 1874 | SURAGH K | G | 27.02.2026 |
| 67 | 1876 | GREGORY P M | G | 27.02.2026 |
| 68 | 1877 | MANEESH PANKAJ P | G | 27.02.2026 |
| 69 | 1890 | RENJINI R NAIR | D | 01.03.2026 |

കേരള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾ **6**-ലെ വ്യവസ്ഥ പ്രകാരം ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിൽ നിന്നും സ്വമേധയാ ഒഴിവാകാത്തവർ എന്ന ആനുകൂല്യത്തിൽ ട്രെയിനിംഗിൽ പങ്കെടുക്കാതെ ഉദ്യോഗക്കയറ്റം ലഭിച്ച ഇൻസ്ട്രക്ടർമാർ (വകുപ്പിൽ നിന്ന് ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗിന് നിയോഗിച്ചിട്ടില്ലാത്തവർ) ട്രെയിനിംഗിന് നിയോഗിക്കുന്ന മുറയ്ക്ക് (**RPL** മുഖേനയോ/ഡെപ്യൂട്ടേഷൻ മുഖേനയോ) പങ്കെടുത്ത് വിജയകരമായി പൂർത്തിയാക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരെ **22.08.2017**-ലെ സ.ഉ (സാധാ) നം.**71/2017**/തൊഴിൽ ഉത്തരവിലെ **3(iii)**-ലെ വ്യവസ്ഥ പ്രകാരം ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് തരം താഴ്ത്തുന്നതാണ്. നിലവിൽ **RPL** മുഖേന ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗ് സ്കീമിൽ പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള ജീവനക്കാർക്കും ടി ഉത്തരവിലെ വ്യവസ്ഥകൾ ബാധകമാകുന്നതാണ്.

സ്ഥാനക്കയറ്റം ലഭിക്കുന്ന ഉദ്യോഗസ്ഥർക്ക് നിയമപ്രകാരമുള്ള ശമ്പള ക്രമീകരണത്തിനും നിലവിലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായ ശമ്പള കുടിശ്ശികയ്ക്കും അർഹതയുണ്ടായിരിക്കും.

Digitally signed by
Shammi Baker A
Date: 12-03-2026
15:52:40

**ഷമ്മി ബേക്കർ.എ**
**ജോയിന്റ്ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

സ്വീകർത്താവ്:- 1. സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ (സ്ഥാപന മേധാവികൾ മുഖേന)
2. എല്ലാ ഐ ടി ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:- 1. ഡയറക്ടർ/അഡീഷണൽ ഡയറക്ടർ/ജോയിന്റ് ഡയറക്ടർ (സി എ മുഖാന്തിരം)
2. കരുതൽ ഫയൽ (എ2)